പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3948 15/03/2017-ൽ മറുപടിക്ക്

# ചാത്തങ്ങോട്ടു മിനി ജലവൈദ്യുത പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.കെ.വിജയൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | നാദാപുരം മണ്ഡലത്തിലെ ചാത്തങ്ങോട്ടു മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലുള്ള നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതിയുടെ 20 ശതമാനം നിർമ്മാണ ജോലികളാണ് പൂർത്തിയാക്കിയത്. പദ്ധതിയുടെ നിലവിലുള്ള കരാർ ഫോർക്ലോസ് ചെയ്യാൻ 04.03.2016-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ആ ഉത്തരവ് ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. അതിലുള്ള തീരുമാനം വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പദ്ധതി വൈകാനുള്ള കാരണം വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ തുടക്കത്തിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ട മുഴവൻ ഭൂമിയും ലഭ്യമാക്കാൻ ബോർഡിന് കഴിഞ്ഞിട്ടില്ല. ഇത് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതിന് കാരണമായി. എന്നാൽ പദ്ധതിയ്ക്ക് വേണ്ട മുഴവൻ ഭൂമിയും ലഭ്യമാക്കിയിട്ടും കരാറുകാർക്ക് നിർമ്മാണപ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാതെ വന്നതും പദ്ധതി വൈകാൻ കാരണമായി. |
| (സി) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും? | (സി) | ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ അനുമതി ലഭ്യമായാലുടനെ ബാക്കി ജോലികളുടെ ദർഘാസ് ക്ഷണിച്ച് തുടർ |

(...2)

| | | | | |
|---|---|---|---|---|
| | | | | നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിയുടെ കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 24 മാസങ്ങൾക്കുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ